# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് പന്ത്രണ്ട്

## പെർഗ്ഗമൊസിലുള്ള സഭ—രൂപാന്തരത്തിനുവേണ്ടി ഭക്ഷിക്കുന്നു

Mon

ഈ ദൂതിൽ നാം പെർഗ്ഗമൊസിലുള്ള സഭ എന്ന മൂന്നാമത്തെ സഭയിലേക്കു വരുന്നു (2:12-17). ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ഏഴു പട്ടണങ്ങളിലുള്ള ഓരോ സഭയുടെയും പേര് വളരെ അർത്ഥവത്താണ്. യവനഭാഷയിൽ പെർഗ്ഗമൊസ് അർത്ഥമാക്കുന്നത് ഐക്യത്തെ സൂചിപ്പിക്കുന്ന "വിവാഹം" എന്നും "ബലമുള്ള ഗോപുരം" എന്നും ആണ്. ഒരു അടയാളമെന്ന നിലയിൽ, പെർഗ്ഗമൊസിലുള്ള സഭ, ലോകവുമായി ഒരു വിവാഹബന്ധത്തിലേക്ക് പ്രവേശിക്കുകയും കടുകുമണിയുടെ ഉപമയിൽ കർത്താവു പ്രവചിച്ച വലിയ വൃക്ഷത്തിനു സമമായി ബലമുള്ള ഉയർന്ന ഒരു ഗോപുരമായിത്തീരുകയും ചെയ്ത സഭയ്ക്ക് മുന്നടയാളമാണ് (മത്താ. 13:31-32). ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ റോമാസ്സാമ്രാജ്യത്തിന്റെ പീഡനത്തിലൂടെ സഭയെ നശിപ്പിക്കുവാൻ സാത്താൻ പരാജയപ്പെട്ടപ്പോൾ, അവൻ തന്റെ തന്ത്രം മാറ്റി. പകരം നാലാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തിൽ ദേശീയ മതമായി കുസ്തന്തിനൊസ് അവളെ സ്വാഗതം ചെയ്തതിലൂടെ അവളെ മലിനപ്പെടുത്തുവാൻ അവൻ അന്വേഷിച്ചു. കുസ്തന്തിനൊസിന്റെ പ്രോത്സാഹനത്തിലൂടെയും രാഷ്ട്രീയ സ്വാധീനത്തിലൂടെയും അസംഖ്യം അവിശ്വാസികൾ "സഭയിലേക്ക്" സ്നാനപ്പെടുകയും, "സഭ" ഭീമാകാരമായി വലുതായിത്തീരുകയും ചെയ്തു. സഭ നിർമ്മല മണവാട്ടിയെന്ന നിലയിൽ ക്രിസ്തുവിന് ഒരു ജീവിതപങ്കാളിയായതുകൊണ്ട്, ലോകവുമായുള്ള അവളുടെ ഐക്യം ദൈവത്തിന്റെ കണ്ണുകളിൽ ആത്മിക പരസംഗമായി കണക്കാക്കപ്പെടുന്നു.

## I. സംസാരിക്കുന്നവൻ—മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ

വാക്യം 12 പറയുന്നു, "മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നത്." ഈ ലേഖനത്തിൽ, സംസാരിക്കുന്ന

ആത്മാവെന്ന നിലയിൽ അവൻ മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവനാണെന്ന് കർത്താവു പ്രഖ്യാപിക്കുന്നു. ഇങ്ങനെയുള്ള ലൗകിക സഭ കർത്താവിന്റെ മൂർച്ചയേറിയ വചനത്തിലുള്ള അവന്റെ ന്യായവിധി സ്വീകരിക്കുവാൻ യോഗ്യയാണ്.

## II. ലോകവുമായുള്ള സഭയുടെ വിവാഹം

ഒന്നാമത്തെ സഭയ്ക്കുള്ള ലേഖനത്തിൽ, മാനസാന്തരപ്പെടുവാനും അവളുടെ ആദ്യസ്നേഹത്തെ പ്രത്യുദ്ധരിക്കുവാനും എഫൊസൊസിലുള്ള സഭയെ കർത്താവ് ഉപദേശിച്ചു. അവന്റെ ഉപദേശം ചെവിക്കൊള്ളപ്പെട്ടുവെന്നു നാം വിശ്വസിക്കണം, കാരണം രണ്ടാമത്തെ സഭയായ സ്മുർന്നയിലുള്ള സഭ കർത്താവിനെ വാസ്തവമായി സ്നേഹിക്കുകയും, പീഡനം സഹിച്ചുകൊണ്ട് കഷ്ടം സഹിക്കുന്ന ഒരു സഭയായിത്തീരുകയും ചെയ്തു. ചരിത്രത്തിലെ വസ്തുതകൾ അനുസരിച്ച്, ആദ്യത്തെ മൂന്നു നൂറ്റുണ്ടുകളിൽ റോമാഭരണകൂടം സഭയെ നശിപ്പിക്കുവാൻ അതിനാലാവോളം ശ്രമിച്ചതിനാൽ സഭ വലിയൊരു അളവിൽ കഷ്ടംസഹിച്ചു. ഒടുവിൽ, പീഡനം വേണ്ടുംവണ്ണം ഫലപ്രദമായില്ല എന്ന് ശത്രുവായ സാത്താൻ മനസ്സിലാക്കി. അതുകൊണ്ട്, കൗശലക്കാരനായ അവൻ സഭയെ പീഡിപ്പിക്കുന്നതിൽനിന്നും അവളെ സ്വാഗതം ചെയ്യുന്നതിലേക്ക് തന്റെ തന്ത്രം മാറ്റി. നാലാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മഹാനായ കുസ്ത്തിനൊസ് ക്രിസ്തുമതം സ്വീകരിക്കുകയും അതിനെ ഒരു ദേശീയ മതമാക്കുകയും ചെയ്തു. ആ സമയം മുതൽ, ക്രിസ്തുമതം ഒരു തരം റോമാ ദേശീയ സഭയായിത്തീർന്നു. സഭ ലൗകികയായിത്തീരുവാൻ അത് ഇടയാക്കിയതുകൊണ്ട്, റോമാസാമ്രാജ്യത്താലുള്ള സഭയുടെ ഈ സ്വാഗതംചെയ്യൽ അവളെ നശിപ്പിച്ചു. നമുക്കെല്ലാം അറിയാവുന്നതുപോലെ, സഭ ലോകത്തിൽനിന്നു വിളിക്കപ്പെട്ടതും ലോകത്തിൽനിന്നു ദൈവത്തിലേക്കു വേർതിരിക്കപ്പെട്ടതുമാകുന്നു. എന്നാൽ, റോമാസാമ്രാജ്യത്താൽ സ്വാഗതംചെയ്യപ്പെട്ടതിലൂടെ സഭ ലോകത്തിലേക്ക് മടങ്ങിപ്പോകുകയും, ദൈവത്തിന്റെ കണ്ണുകളിൽ, ലോകത്തെ വിവാഹംകഴിക്കുകപോലും ചെയ്തു. ഇത്തരത്തിലുള്ള ലൗകിക ഐക്യത്തെ ദൈവം ആത്മിക പരസംഗമായി കണക്കാക്കുന്നു.

ഈ വിവാഹംനിമിത്തം സഭ അവളുടെ നിർമലത നഷ്ടപ്പെടുത്തുകയും ലൗകികയായിത്തീരുകയും ചെയ്തു. സഭ ലോകവുമായുള്ള ഐക്യത്തിലേക്കു പ്രവേശിച്ചതുകൊണ്ട്, ലൗകികമായ അനേകം കാര്യങ്ങൾ സഭയിലേക്കു വന്നു. ലൗകിക കാര്യങ്ങൾ വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടതാണ്, കാരണം ലൗകികത എപ്പോഴും വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടതാണ്. പെർഗ്ഗമൊസിലുള്ള സഭ ഒന്നാമത് ലൗകികവും

പിന്നീട് വിഗ്രഹാരാധനയിൽ മുഴുകിയവരും ആയിത്തീർന്നു. സാത്താൻ അവളെ ലോകത്തെക്കൊണ്ടും വിഗ്രഹങ്ങളക്കൊണ്ടും സാന്ദ്രീകരിച്ചു. തൽഫലമായി, സഭ എന്തായിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചുവോ അതിൽനിന്നും തികച്ചും വ്യത്യസ്തയായിത്തീർന്നു. ലോകത്തിനു വെളിയിലായിരിക്കുന്ന ഒരു സഭയ്ക്ക്, ലോകവുമായി യാതൊരു കാര്യവുമുണ്ടായിരിക്കരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. സഭ ത്രിയേക ദൈവത്തിന്റെ നിർമല ആവിഷ്കാരമായ ഒരു പൊൻനിലവിളക്കായിരിക്കുകയും, ലോകവുമായി ബന്ധങ്ങളൊന്നും ഇല്ലാത്തതായിരിക്കുകയും വേണം. എന്നാൽ റോമാസാമ്രാജ്യം സഭയെ ഒരു ലൗകിക മതമാക്കിയതിനുശേഷം, അവൾ മൊത്തത്തിൽ കലർപ്പുള്ളവളും, ലൗകികയും, വിഗ്രഹാരാധാനക്കാരിയും ആയിത്തീർന്നു.

## A. സാത്താൻ പാർക്കുന്ന ഇടം

പെർഗ്ഗമൊസിലുള്ള സഭയെക്കുറിച്ച് വാക്യം 13-ൽ കർത്താവു പറഞ്ഞു, "നീ എവിടെ വസിക്കുന്നു എന്ന് ഞാൻ അറിയുന്നു, സാത്താന്റെ സിംഹാസനം ഉള്ള ഇടം തന്നെ." സാത്താന്റെ വാസസ്ഥലം ലോകമാണ്. സഭ ലോകവുമായി ഐക്യത്തിലേക്കു പ്രവേശിക്കുകയും അവളെത്തന്നെ ലൗകികയാക്കിത്തീർക്കുകയും ചെയ്യതിനാൽ, അവൾ ഇപ്പോൾ സാത്താൻ പാർക്കുന്നിടമായ ലോകത്തിൽ പാർക്കുന്നു.

## B. സാത്താന്റെ സിംഹാസനം ഉള്ള ഇടം

പെർഗ്ഗമൊസിലുള്ള സഭയും സാത്താന്റെ സിംഹാസനം ഉള്ള ഇടത്തു പാർക്കുന്നു. ഇതും ലോകത്തെ പരാമർശിക്കുന്നു. ലോകം സാത്താന്റെ വാസസ്ഥലം മാത്രമല്ല, അവൻ ഭരിക്കുന്ന മണ്ഡലവും ആണ്. ഇപ്പോൾ സഭ ലോകവുമായി ഒന്നായിരിക്കുക മാത്രമല്ല, സാത്താനുമായിപോലും ഒന്നാണ്. ഇത് ഭയാനകമാണ്! ലൗകികമായ ഇന്നത്തെ ക്രിസ്തുമതം ഇപ്പോഴും ലോകവുമായി ഐക്യത്തിലും, ഇപ്പോഴും സാത്താന്റെ ചിന്തകളാലും, ധാരണകളാലും, സിദ്ധാന്തങ്ങളാലും, അനുഷ്ഠാനങ്ങളാൽപോലും സാന്ദ്രീകരിക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു. നാം ഇതിന്റെ ഗൗരവം കാണണം.

ശത്രുവായ സാത്താൻ കൗശലക്കാരനാണ്. അവന്റെ സ്വാഗതം അവന്റെ പീഡനത്തെക്കാൾ ഗുരുതരമാണ്. ഒന്നാമത്, അവൻ പീഡനം അഴിച്ചുവിടുകയും, പിന്നീട്, അതു പരാജയപ്പെടുമ്പോൾ, അവൻ തന്റെ തന്ത്രം മാറ്റുകയും, പകരം നമ്മെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇതേ കാര്യം നാം കണ്ടിട്ടുള്ളതാണ്. ഒന്നാമത്, മതം നമ്മെ പീഡിപ്പിക്കുകയും, പിന്നീട്, അതിന്റെ തന്ത്രം മാറ്റിക്കൊണ്ട്,

അതുമായുള്ള അനുരഞ്ജനത്തിലേക്ക് നമ്മെ വശീകരിക്കുകയും ചെയ്യു. ഇതാണ് സാത്താന്റെ കൗശലം. നാം അതിനാൽ കുടുക്കപ്പെടുന്നുവെങ്കിൽ, ഒടുവിൽ നാം ലൗകികരായിത്തീരുകയും സാത്താനുമായി ഐക്യത്തിലായിരിക്കുകയും മാത്രമല്ല, അവനുമായി ഒന്നായിരിക്കുകയും ചെയ്യും. ക്രിസ്തുമതം എന്നു വിളിക്കപ്പെടുന്നതിന്റെ യഥാർഥ സാഹചര്യം നാം കാണേണ്ടതിനും, സഭ എവിടെയായിരിക്കണമെന്നും എന്തായിരിക്കണമെന്നും നാം കാണേണ്ടതിനും വെളിപ്പാട് പുസ്തകത്തിൽ ഏഴു ലേഖനങ്ങൾ കർത്താവു ഉൾപ്പെടുത്തി. സഭ ലോകത്തിനു വെളിയിലുള്ള ഒരു പൊൻനിലവിളക്കായിരിക്കണം. സഭയ്ക്ക് ലോകവുമായി യാതൊരു കാര്യവും ഇല്ലാതിരിക്കുകയും, സാത്താന്റെ ദുഷിച്ചതും കൗശലപരവുമായ സാന്ദ്രീകരണത്തിന് ഒരു ഇഞ്ചുപോലും വഴങ്ങാതിരിക്കുകയും ചെയ്യണം. സഭ സ്ഥിരമായി ഇതിനെതിരെ നിൽക്കണം.

പെർഗ്ഗമൊസ് എന്ന പദത്തിന്റെ രണ്ട് അർഥങ്ങൾ—"വിവാഹം" "ബലമുള്ള ഗോപുരം" എന്നിവ—മത്തായി 13-ലെ രണ്ട് ഉപമകളോട്, വലിയ വൃക്ഷത്തിന്റെ ഉപമയോടും (മത്താ. 13:31-32), പുളിച്ചമാവിന്റെ ഉപമയോടും (മത്താ. 13:33) യോജിക്കുന്നു. വലിയ വൃക്ഷത്തിന്റെ ഉപമയിൽ കടുകുമണിയുടെ ഒരു ചെറിയ വിത്ത് ഒരു വൃക്ഷമായിത്തീർന്നു. ഇത് സംശയലേശമെന്യേ ഭീമാകാരമായ ക്രിസ്തുമതത്തെ സൂചിപ്പിക്കുന്നു, കാരണം ക്രിസ്തുമതം ഒരു വലിയ വൃക്ഷമായിത്തീർന്നിരിക്കുന്നു. പുളിച്ചമാവിന്റെ ഉപമയിൽ മൂന്നിടങ്ങഴി നേരിയ മാവിലേക്ക് പുളിപ്പു ചേർത്ത ഒരു സ്ത്രീയെക്കുറിച്ച് നാം വായിക്കുന്നു. പുളിപ്പ് പാപകരവും, ലൗകികവും, ദുഷിച്ചതും, സാത്താന്യവും, ഭൂതമയവും, പൈശാചികവുമായ സകല കാര്യങ്ങളെയും സൂചിപ്പിക്കുന്നു. ഈ എല്ലാ ദുഷ്ടകാര്യങ്ങളും നേരിയ മാവിലേക്ക് ഇട്ടിരുന്നു. വേദപുസ്തകത്തിൽ, ഭോജനയാഗത്തിൽ ഉപയോഗിച്ച നേരിയ മാവ് ദൈവത്തിന്റെ ജനത്തിനുള്ള ഭക്ഷണമായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. വലിയ വൃക്ഷം ഉയർന്ന ഗോപുരത്തിനു തുല്യവും, പുളിപ്പോടുകൂടിയ സ്ത്രീ ലോകത്തെ വിവാഹംകഴിച്ച വിശ്വാസത്യാഗിനിയായ സഭയ്ക്കു തുല്യവും ആണ്. ഈ വിഷയത്തിൽ വേദപുസ്തകത്തിലെ അർഥം നമുക്കെല്ലാവർക്കും വ്യക്തമായിരിക്കണം. ദൈവത്തിന്റെ ദൃഷ്ടിയിൽ, ക്രൈസ്തവലോകം ഒരു മഹാവേശ്യ, ഒരു നരകപരമായ കലർപ്പ് ഉളവാക്കേണ്ടതിന് ക്രിസ്തുവിന്റെ നല്ല കാര്യങ്ങളോടുകൂടെ ലൗകികവും, ഭൂതമയവും, സാത്താന്യവും, പൈശാചികവുമായ കാര്യങ്ങൾ കലർത്തിയ ദുഷ്ടയായ ഒരു സ്ത്രീ ആണ്. നാം ഈ വലിയ വൃക്ഷത്തെ പൂർണ്ണമായി ഉപേക്ഷിക്കുകയും, ഈ ഉയർന്ന ഗോപുരത്തിൽനിന്നു രക്ഷപ്പെടുകയും, ദുഷിച്ച ഈ വ്യവസ്ഥിതിയിൽനിന്നു പുറത്തുവരികയും, ലൗകികതയോടും

വിഗ്രഹാരാധനയോടും സാത്താന്റെ സാന്ദ്രീകരണത്തോടും യാതൊരു ബന്ധവുമില്ലാതെ സഭ നിർമലമായ പൊൻനിലവിളക്കായിരിക്കണമെന്ന അവന്റെ ആരംഭ ഇംഗിതത്തിലേക്കു മടങ്ങി വന്നുകൊണ്ട് ദൈവത്തിനായി വേർപെട്ടിരിക്കുകയും വേണം. നാം സാത്താൻ പാർക്കുന്ന, തന്റെ സിംഹാസനത്തിൽ സാത്താൻ ഇരിക്കുന്ന ഇടത്തല്ല ആയിരിക്കുന്നത്. ഇല്ല, സഭയിൽ സാത്താന് യാതൊരു അടിത്തറയും ഇല്ല. ഇവിടെ സാത്താന് എന്തെങ്കിലും ചെയ്യുവാൻ ഒരിടവും ഇല്ല.

ആദ്യത്തെ മൂന്നു ലേഖനങ്ങളിൽ നാം മൂന്നു സഭകളെ കാണുന്നു—ആഗ്രഹിക്കത്തക്ക സഭയും, പീഡിപ്പിക്കപ്പെട്ട സഭയും, ലൗകിക സഭയും. തീർച്ചയായും നാം ആഗ്രഹിക്കത്തക്ക സഭയായിരിക്കുവാനും പിഡിപ്പിക്കപ്പെട്ട സഭയായിരിക്കുവാനും ആഗ്രഹിക്കുന്നു, എന്നാൽ ലൗകിക സഭയായിരിക്കുന്നതിനെ നാം നിരസിക്കണം. ലൗകികമായ എന്തിനെയും നാം തിരസ്കരിക്കണം. സൂക്ഷിച്ചുകൊള്ളുക! ശത്രു നിങ്ങളെ പീഡിപ്പിച്ചതിനുശേഷം അവന്റെ തന്ത്രം മാറാം. പീഡനത്തിനുപകരം ഒരു സ്വാഗതം ഉണ്ടായേക്കാം. ഈ സ്വാഗതത്തെ ഒരു നല്ല കാര്യമായി കണക്കാക്കരുത്. മറിച്ച്, ഒരു തേളിന്റെ കുത്തേൽക്കുന്നതിനെക്കാൾ സ്വാഗതം ചെയ്യപ്പെടുന്നതിനെ നിങ്ങൾ ഭയക്കണം. പീഡനവും, എതിർപ്പും, ആക്രമണവും സഹിക്കുന്നത് നമുക്കു നല്ലതാണ്. എന്നാൽ ജനം നമുക്ക് ഊഷ്മളമായ ഒരു സ്വാഗതം നീട്ടുമ്പോഴെല്ലാം അതാണ് ഏറ്റവും ആപൽക്കരമായ സമയം. നിങ്ങൾ ആക്രമിക്കപ്പെടുകയും പീഡനം അനുഭവിക്കുകയും ചെയ്യുമ്പോൾ നിരാശപ്പെടരുത്, കാരണം നിങ്ങൾ ശരിയായ പാതയിലാണെന്നും കർത്താവിന്റെ ചുവടുകളെ പിൻതുടരുന്നതിൽനിന്നും നിങ്ങൾ വ്യതിചലിച്ചിട്ടില്ലെന്നുമുള്ളതിന്റെ ശക്തമായ ഒരു അടയാളമാണത്. എന്നാൽ ഊഷ്മളമായ സ്വാഗതത്തെ സൂക്ഷിക്കുക. ഊഷ്മളമായ സ്വാഗതം ലഭിക്കുന്നതിനെക്കാൾ പീഡനം സഹിക്കുന്നതാണ് ഏറെ നല്ലത്. ഏതെങ്കിലും രീതിയിലോ, അർഥത്തിലോ, ഭാവത്തിലോ ലോകവുമായുള്ള ഐക്യത്തിൽ നാം ആയിരിക്കരുതെന്ന് പെർഗ്ഗമൊസിലുള്ള സഭയ്ക്കുള്ള ലേഖനം നമ്മെ പഠിപ്പിക്കുന്നു. നമുക്ക് ലോകവുമായി യാതൊരു കാര്യവും ഉണ്ടായിരിക്കരുത്. കഴിഞ്ഞ അമ്പതു വർഷങ്ങളിൽ, കൗശലപരമായ രീതിയിൽ അനേകം തവണ ഊഷ്മളമായ ഒരു സ്വാഗതം നമുക്കായി നീട്ടിയിട്ടുണ്ട്; എന്നാൽ, കർത്താവിനു സ്തോത്രം, ഓരോ തവണയും നാം അതു നിരസിച്ചു. തൽഫലമായി, ഈ വർഷങ്ങളിലുടനീളം പീഡിപ്പിക്കപ്പെട്ടുകൊണ്ട് നാം സൂക്ഷിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സാത്താനുമായി ഐക്യത്തിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ നിങ്ങൾക്ക് ഒരു നല്ല പേരുണ്ടായിരിക്കുവാൻ അവൻ അനുവദിക്കുകയില്ല എന്നുള്ളതുകൊണ്ട് നമുക്ക് ഒരിക്കലും ഒരു

നല്ല പേർ ലഭിച്ചിട്ടില്ല. ഇതുകൊണ്ടാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം സ്ഥിരമായി ഒരു പോരാട്ടത്തിൽ ഉൾപ്പെട്ടിരിക്കുകയും നിരന്തരമായി ആക്രമിക്കപ്പെടുന്നതും. ഒരു ഉഗ്രപോരാട്ടം എല്ലാ സമയവും നടന്നുകൊണ്ടിരിക്കുന്നു. കർത്താവിന്റെ പ്രത്യുദ്ധാരം ഒരു സാധാരണ വേലയല്ല നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഇല്ല, ഈ സാക്ഷ്യം ഒരു പോരാട്ടമാണ്.

## III. അന്തിപ്പാസിന്റെ സാക്ഷ്യം

ഈ സാക്ഷ്യം അന്തിപ്പാസിനോടുകൂടെയായിരുന്നു. "സാത്താൻ വസിക്കുന്ന ഇടമായ, നിങ്ങളുടെ ഇടയിൽ കൊല്ലപ്പെട്ട, എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിന്റെ കാലത്തുപോലും, നീ എന്റെ നാമം മുറുകെപ്പിടിക്കുന്നു, എന്റെ വിശ്വാസം നിഷേധിച്ചിട്ടുമില്ല" എന്ന് വാക്യം 13-ൽ കർത്താവു പറയുന്നു. യവനഭാഷയിൽ, അന്തിപ്പാസ് എന്ന പേര് അർഥമാക്കുന്നത്, "എല്ലാറ്റിനും എതിര്" എന്നാണ്. കർത്താവിന്റെ ഈ വിശ്വസ്തസാക്ഷി ലൗകിക സഭ കൊണ്ടുവന്നതും അനുഷ്ഠിച്ചതുമായ സകലത്തിനും എതിരായി നിലകൊണ്ടു. ഇക്കാരണത്താൽ, അവൻ കർത്താവിന്റെ ഒരു രക്തസാക്ഷിയായിത്തീർന്നു. യവനഭാഷയിൽ *രക്തസാക്ഷി* എന്ന പദം *സാക്ഷി* എന്ന അതേ പദം തന്നെയാണ്. എതിർസാക്ഷി എന്ന നിലയിൽ അന്തിപ്പാസ് ഒരു എതിർസാക്ഷ്യം, യേശുവിന്റെ സാക്ഷ്യത്തിൽനിന്നും വ്യതിചലിച്ചതായ ഏതിനും എതിരായ ഒരു സാക്ഷ്യം വഹിച്ചു. ഈ എതിർസാക്ഷ്യത്തിലൂടെയായിരിക്കണം പെർഗ്ഗമൊസിലുള്ള സഭ അവന്റെ കാലത്ത് അപ്പോഴും കർത്താവിന്റെ നാമത്തെ മുറുകെ പിടിക്കുകയും ശരിയായ ക്രിസ്തീയ വിശ്വാസത്തെ നിഷേധിക്കാതിരിക്കുകയും ചെയ്തത്. ഇന്ന് ലൗകിക സഭയ്ക്കെതിരായി നാം പോരാടുന്നതിനുള്ള വഴി തെളിച്ചുകൊണ്ട് അന്തിപ്പാസ് ലൗകിക സഭയ്ക്കെതിരായി പോരാടുവാൻ നേതൃത്വം എടുത്തു. ലൗകിക സഭ ആയിരുന്നതിനും, അതിന് ഉണ്ടായിരുന്നതിനും, അത് ചെയ്തതിനും, എതിരായി അന്തിപ്പാസ് പോരാടി.

### A. കർത്താവിന്റെ നാമം മുറുകെപ്പിടിക്കുന്നു

"നീ എന്റെ നാമം മുറുകെപ്പിടിക്കുന്നു" എന്ന് വാക്യം 13-ൽ കർത്താവു പറയുന്നു. കർത്താവിന്റെ നാമം കർത്താവ് എന്ന വ്യക്തിയെ കുറിക്കുന്നു; വ്യക്തി നാമത്തിന്റെ യാഥാർഥ്യമാണ്. പെർഗ്ഗമൊസിലുള്ള സഭ അപ്പോഴും കർത്താവിന്റെ നാമത്തെ, അവൻ എന്ന വ്യക്തിയുടെ യാഥാർഥ്യത്തെ മുറുകെപ്പിടിച്ചു. ലൗകിക സഭയുടെ വ്യതിചലിക്കുന്ന പ്രവണത കർത്താവ് എന്ന വ്യക്തിയുടെ യാഥാർഥ്യത്തെ ഉപേക്ഷിക്കുന്നതാണ്. എന്നാൽ നിത്യതയോളം സഭ കർത്താവിന്റെ നാമത്തെ, കർത്താവെന്ന

വ്യക്തിയുടെ യാഥാർഥ്യത്തെ മുറുകെപ്പിടിക്കേണ്ടതിന്, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം ഇതിനെതിരായി പോരാടണം.

## B. കർത്താവിന്റെ വിശ്വാസം നിഷേധിക്കുന്നില്ല

"എന്റെ വിശ്വാസം നിഷേധിച്ചിട്ടുമില്ല" എന്നും കർത്താവു പറഞ്ഞു. കർത്താവിന്റെ വിശ്വാസം എന്നത് കർത്താവെന്ന വ്യക്തിയിലും അവന്റെ വേലയിലും നാം വിശ്വസിക്കുന്ന സകലത്തെയും കുറിക്കുന്നു. ഇത് വിശ്വസിക്കുകയെന്ന നമ്മുടെ ഉള്ളിലുള്ള അനുഭവനിഷ്ഠമായ വിശ്വാസമല്ല, പിന്നെയോ നാം വിശ്വസിക്കുന്ന കാര്യങ്ങളിലുള്ള വസ്തുനിഷ്ഠമായ വിശ്വാസമാണ്. സഭ ലോകവുമായുള്ള ഐക്യത്തിലേക്ക് പ്രവേശിച്ചതു നിമിത്തം, അവൾ കർത്താവിന്റെ നാമത്തെ അനാദരിക്കുവാനും ശരിയായ ക്രിസ്തീയ വിശ്വാസത്തെ നിഷേധിക്കുവാനും തുടങ്ങി.

## C. മരണത്തോളമുള്ള വിശ്വസ്തത

അന്തിപ്പാസ് മരണത്തോളം തന്റെ എതിർസാക്ഷ്യത്തിൽ വിശ്വസ്തനായിരുന്നു. സഭയുടെ ലൗകികതയ്ക്ക് എതിരായുള്ള അവന്റെ സാക്ഷ്യംനിമിത്തം, അവൻ കൊല്ലപ്പെടുകയും ഒരു രക്തസാക്ഷി യായിത്തീരുകയും ചെയ്തു. ലൗകിക സഭയ്ക്കെതിരായി സാക്ഷ്യ പ്പെടുത്തുന്നതിന് നമുക്ക് രക്തസാക്ഷിത്വത്തിന്റെ ആത്മാവ് ആവശ്യമാണ്. സഭയുടെ ലൗകികതയ്ക്കെതിരായുള്ള കർത്താവിന്റെ സാക്ഷ്യത്തിനുവേണ്ടി നാം മരണത്തോളം വിശ്വസ്തരായിരിക്കേണ്ടത് ആവശ്യമാണ്.

അന്തിപ്പാസ് ഒരു എതിർസാക്ഷിയും ഒരു എതിർസാക്ഷ്യവും ആയിരുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു. ഇന്ന്, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാമും ഒരു എതിർസാക്ഷ്യമാണ്. 1830-ൽ പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതം ചൈനയിലേക്കു പോയതുമുതൽ, ചില കാര്യങ്ങളൊഴികെ, അത് തികച്ചും ലൗകികമായിരുന്നു. 1922-ന്റെ ആരംഭംമുതൽ കർത്താവ് സ്ഥലംസഭകളുടെ സാക്ഷ്യത്തെ എഴുന്നേല്പിച്ചു. ഈ സാക്ഷ്യം കർത്താവിന്റെ പ്രത്യുദ്ധാരത്തിനു വേണ്ടി ഉൽകൃഷ്ടമായ ഒരു ജോലി ചെയ്തു. അനേകം ക്രിസ്ത്യാനികൾ പ്രത്യുദ്ധാരത്തെ എതിർത്തുവെങ്കിലും, അവർ അപ്പോഴും അതിനാൽ അനുലോമപരമായി സ്വാധീനിക്കപ്പെടുകയും, തൽഫലമായി, പല കാര്യങ്ങളിലും അവർക്ക് മാറ്റംവരുകയും ചെയ്തു. അവർ കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ വഴി എടുത്തില്ലെങ്കിലും, അവർ അതിന്റെ സ്വാധീനം അനുഭവിക്കുകയും, നമ്മിൽനിന്നും നിരവധി പഠിപ്പിക്കലുകൾ എടുക്കുകയും ചെയ്തു. 1922-നും 1936-നും ഇടയിൽ ചൈനയിലുണ്ടായിരുന്ന മിഷനറിമാരോട് നിങ്ങൾ ചോദിക്കുമെങ്കിൽ, കർത്താവിന്റെ പ്രത്യുദ്ധാരം ക്രിസ്തുമതത്തിന്മേൽ ഒരു വലിയ

സ്വാധീനം ചെലുത്തിയെന്ന് അവർ നിങ്ങളോടു പറയും. ഞാൻ ക്രിസ്തുമതത്തിലാണ് ജനിക്കുകയും വളരുകയും ചെയ്തത്, എന്നാൽ *കൂട്ടായ്മ* എന്ന പദം ഞാൻ ഒരിക്കലും കേട്ടിരുന്നില്ല. എന്നാൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ സ്വാധീനം നിമിത്തം, മിക്കവാറും എല്ലാ സംഘടനകളും ഈ പദം ഉപയോഗിക്കുവാൻ തുടങ്ങി. മുമ്പ്, അവരുടെ നോട്ടീസ് ബോർഡുകളിൽ *ആരാധനയ്ക്കുള്ള സമയം* എന്ന പദങ്ങൾ ഉണ്ടായിരുന്നു. എന്നാൽ നമ്മുടെ സ്വാധീനം നിമിത്തം അവർ പദങ്ങളെ *യോഗത്തിനുള്ള സമയം* എന്നു മാറ്റി. "ആരാധനയ്ക്കുള്ള സമയവും" "യോഗത്തിനുള്ള സമയവും" തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ട്. കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ സ്വാധീനത്തിൻകീഴിൽ, കഴിഞ്ഞ നാല്പതു വർഷങ്ങളിൽ കിഴക്കൻ പ്രദേശങ്ങളിലുള്ള ക്രിസ്തുമതം കൂടുതൽ അടിസ്ഥാനപരമായിത്തീരുകയും വേദപുസ്തകത്തിലേക്കു മടങ്ങിവരികയും ചെയ്തിരിക്കുന്നു. അവരുടെ ഉപദേശത്തിന്റെയും പ്രസംഗത്തിന്റെയും നല്ലൊരു പങ്കിന് നമ്മുടെ പുസ്തകങ്ങളെ അടിസ്ഥാനമായി ഉപയോഗിക്കുകപോലും അവർ ചെയ്യുന്നു. എന്നാലും, നമ്മിൽനിന്നാണ് അവർ പഠിച്ചതെന്ന് സമ്മതിക്കുവാൻ അവരിൽ ചിലർ ധൈര്യപ്പെടുന്നില്ല. അവർ ഉപദേശങ്ങൾ എടുക്കുന്നുവെങ്കിലും, കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ മാർഗത്തെ എതിർക്കുകയും നമ്മുടെ സാക്ഷ്യത്തെ വിമർശിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, കർത്താവു ചിലത് നേടിയിരിക്കുന്നു. തായ്വേയിൽ പുറത്തുനിന്നുള്ളവർ എപ്പോഴും നമ്മുടെ ബുക്ക് റൂമിൽനിന്നും വളരെയധികം പുസ്തകങ്ങൾ വാങ്ങുന്നുണ്ടെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്.

തായ്വാനെക്കുറിച്ച് ഒരു മിഷനറി ഒരു വിവരണം നല്കുകയായിരുന്നു. ഈ ദ്വീപിലുള്ള നമ്മുടെ വേലയെ സംബന്ധിച്ച് അദ്ദേഹത്തോടു ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞത്, തൈലത്തിലുള്ള ഒരു ചത്ത ഈച്ചയെ മാറ്റിനിർത്തിയാൽ അതു നല്ലൊരു വേലയാകുന്നു എന്നാണ്. ആ "ചത്ത ഈച്ച്" എന്തായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? അത് സഭയുടെ അടിത്തറ ആയിരുന്നു. അദ്ദേഹത്തിന്റെ ധാരണ അനുസരിച്ച് നാം സഭയുടെ അടിത്തറയെ വിട്ടുകളയുമെങ്കിൽ, നമ്മുടെ തൈലം നിർമ്മലമായിരിക്കും. സഭയുടെ അടിത്തറയെ വിട്ടുകളയുന്നത് നമ്മുടെ ജീവനെ വിട്ടുകളയുന്നതാണെന്ന് അദ്ദേഹം മനസ്സിലാക്കിയില്ല.

മൂന്നു വർഷങ്ങൾക്കുമുമ്പ് തായ്വേയിലേക്കുള്ള ഒരു യാത്രയിൽ ഞാൻ ഉന്നത സാമൂഹിക നിലയിലുള്ള ഒരു ക്രിസ്ത്യാനിയെ കണ്ടുമുട്ടുകയുണ്ടായി. സഭകളിൽ ഇത്രയധികം പുതിയ വെളിച്ചം എപ്പോഴും ഉണ്ടായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് തങ്ങൾക്കു മനസ്സിലാകുന്നില്ലെന്ന് ഒരു പ്രസംഗകൻ പറഞ്ഞതായി അദ്ദേഹം എന്നോടു പറഞ്ഞു. ആത്മാവ് സഭകളോടു സംസാരിക്കുന്നു എന്നതാണ്

കാരണം. വെളിച്ചം തെരുവിലോ, പ്രാകാരത്തിലോ അല്ല: അത് വിശുദ്ധസ്ഥലത്താണ്, അതായത്, സഭയിലാണ്. ഇതുകൊണ്ടാണ് നമുക്ക് കർത്താവിൽനിന്നും പുതുമയുള്ള ചിലത് എപ്പോഴുമുള്ളത്.

നാം എല്ലാ ക്രിസ്ത്യാനികൾക്കുംവേണ്ടിയാണ് ഇവിടെ ആയിരിക്കുന്നത്. പതിമൂന്നു വർഷങ്ങൾക്കുമുമ്പ് മനുഷ്യാത്മാവിനെയും, സഭാനുഷ്ഠാനത്തെയും, ഇഴുകിച്ചേരലിനെയും കുറിച്ച് ലോസ് ആഞ്ചലസിലുള്ള സഹോദരന്മാരുമായി ഞാൻ സംസാരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു, "സഹോദരന്മാരേ, അല്പസമയം കാത്തിരിക്കൂ, പുറത്തുള്ളവർ ഈ പ്രയോഗങ്ങൾ ഉപയോഗിക്കുവാൻ ആരംഭിക്കുന്നത് നിങ്ങൾ കാണും." കൃത്യമായും അതുതന്നെ സംഭവിച്ചിരിക്കുന്നു. നാം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുകൊണ്ടിരുന്ന ചില കാര്യങ്ങൾ മറ്റുള്ളവർ ഏറ്റെടുത്തു. ഒരുവശത്ത് അവർ നമ്മെ എതിർക്കുന്നു, എന്നാൽ മറുവശത്ത് അവർ രഹസ്യമായി നമ്മുടെ സാമഗ്രികൾ ഉപയോഗിക്കുന്നു. എന്നെ പരസ്യമായി എതിർക്കുന്നുവെങ്കിലും *ദൈവത്തിന്റെ വ്യവസ്ഥ* എന്ന പുസ്തകത്തിൽനിന്നും ജനത്തെ പഠിപ്പിക്കുന്ന ഒരു പ്രസംഗകനെ എനിക്കറിയാം.

ടെക്സസിലെ ടൈലർ എന്ന സ്ഥലം സന്ദർശിച്ചപ്പോൾ അവിടെ രൂപാന്തരത്തെ സംബന്ധിച്ച ദൂതുകളുടെ ഒരു പരമ്പര ഞാൻ നല്കിയിരുന്നു. അവിടെ ഹാജരായിരുന്നവരിൽ, ഓരോ ദൂതിന്റെയും കുറിപ്പുകൾ എഴുതിക്കൊണ്ടിരുന്ന ഒരാൾ തെക്കേ അമേരിക്കയിലെ അറിയപ്പെടുന്ന ഒരു പ്രസംഗകനായിരുന്നു. സമ്മേളനത്തിന്റെ അവസാനത്തിൽ നമ്മുടെ *സ്ട്രീം* മാസികയിൽനിന്നുള്ള ചില ലേഖനങ്ങൾ ഉപയോഗിക്കുന്നതിനുള്ള സമ്മതം അദ്ദേഹം ചോദിച്ചു. അതിനുള്ള സമ്മതം ഞാൻ അദ്ദേഹത്തിനു നല്കി. കുറെ മാസങ്ങൾക്കുശേഷം ഞാൻ ടൈലറിലേക്കു മടങ്ങിപ്പോയപ്പോൾ ഒരു സഹോദരൻ എന്നെ അഭിവാദ്യം ചെയ്യുകൊണ്ട്, "ഇതാ വിറ്റ്നസ് ലീ എഴുതിയ ഒരു പുസ്തകം" എന്നു പറഞ്ഞു. ഞാൻ ആ പുസ്തകത്തിലേക്കു നോക്കിയപ്പോൾ, വിറ്റ്നസ് ലീ എന്ന പേരു കണ്ടില്ല: പകരം നമ്മുടെ സമ്മേളനത്തിനു സംബന്ധിച്ച് എല്ലാ ദൂതുകളുടെയും കുറിപ്പുകൾ എടുത്ത ആ പ്രസംഗകന്റെ പേരാണ് കണ്ടത്. അദ്ദേഹം മറ്റൊരു സ്ഥലത്തേക്കു പോകുകയും, ദൂതുകൾ നല്കുകയും, പിന്നീട് അദ്ദേഹത്തിന്റെ പേരിലുള്ള ഒരു പുസ്തകമായി അവയെ പ്രസിദ്ധീകരിക്കുകയും ചെയ്യു. ഇതിനെക്കുറിച്ച് നാം എന്താണു പറയേണ്ടത്? ദൈവത്തിന്റെ ജനം സഹായിക്കപ്പെടുന്നിടത്തോളം, നാം അതിനെ ഗൗനിക്കുന്നേയില്ല. എന്നാലും, ഈ സഹായത്തിനുവേണ്ടിയല്ല നാം ഇവിടെ നിൽക്കുന്നത്—നാം ഇവിടെ നിൽക്കുന്നത് യേശുവിന്റെ സാക്ഷ്യത്തിനുവേണ്ടിയാണ്. നാം ഇന്നത്തെ അന്തിപ്പാസാകണം.

Wed

## IV. ബിലെയാമിന്റെ ഉപദേശം

"എന്നാൽ ചില കാര്യങ്ങൾ നിനക്ക് എതിരായി എനിക്കുണ്ട്, യിസ്രായേൽ മക്കളുടെ മുമ്പാകെ ഇടർച്ച വയ്ക്കുവാൻ, വിഗ്രഹാർ പ്പിതങ്ങൾ ഭക്ഷിക്കുവാനും പരസംഗം ചെയ്യുവാനും ബാലാക്കിന് ഉപദേശം കൊടുത്ത ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്ന ചിലർ അവിടെ നിനക്കുണ്ട്" എന്ന് വാക്യം 14-ൽ കർത്താവു പറയുന്നു. ഈ ലേഖനങ്ങളിൽ, ദൈവത്തിന്റെ വ്യവസ്ഥയനു സരിച്ച്, നാം അവനെ ജീവവൃക്ഷമായും (2:7), മറഞ്ഞിരിക്കുന്ന മന്നയായും (2:17), നല്ലദേശത്തിന്റെ സമ്പന്നമായ വിളവായും (3:20) ഭക്ഷിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. എന്നാൽ ലൗകിക സഭ ജീവനിൽനിന്നും വെറും ഉപദേശങ്ങളിലേക്ക് തിരിയുകയും, അങ്ങനെ ദൈവത്തിന്റെ ഉദ്ദേശ്യത്തിന്റെ നിറവേറലിനു വേണ്ടിയുള്ള അവരുടെ ജീവസഹായമായ ക്രിസ്തുവിന്റെ ആസ്വാ ദനത്തിൽനിന്നും വിശ്വാസികളെ വ്യതിചലിപ്പിക്കുകയും ചെയ്യു. ക്രിസ്തുവിന്റെ ആസ്വാദനം സഭയെ പണിയുന്നു, എന്നാൽ ഉപദേശങ്ങൾ ഒരു മതത്തിൽ കലാശിക്കുന്നു.

ഈ വാക്യം "ബിലെയാമിന്റെ ഉപദേശം" എന്നു പറയുന്നു. ദൈവത്തിന്റെ ജനം ഇടറിവീഴുവാൻ ഇടയാക്കിയ ഒരു ജാതീയ പ്രവാചകനായിരുന്നു ബിലെയാം. പ്രതിഫലത്തിനുവേണ്ടി (2 പത്രൊ. 2:15; യൂദാ 11) അവൻ പരസംഗവും വിഗ്രഹാരാധനയും ദൈവത്തിന്റെ ജനത്തിലേക്ക് കൊണ്ടുവന്നു (സംഖ്യ. 25:1-3; 31:16). ലൗകിക സഭയിൽ, ചിലർ അതേ കാര്യങ്ങൾ പഠിപ്പിക്കുവാൻ തുടങ്ങി. ഇന്ന്, പ്രൊട്ടസ്റ്റന്റുമതത്തിലും കത്തോലിക്കാമതത്തിലും ഇതേ ഉപദേശം പ്രബലമാകുന്നു. വിഗ്രഹാരാധന എപ്പോഴും പരസംഗത്തെ കൊണ്ടുവരുന്നു (സംഖ്യ. 35:1-3; പ്രവൃ. 15:29). ലൗകികസഭ കർത്താവിന്റെ നാമത്തെ, കർത്താവെന്ന വ്യക്തിയെ, അനാദരിച്ചപ്പോൾ അവൾ വിഗ്രഹാരാധനയിലേക്കു തിരിയുകയും അത് പരസംഗത്തിൽ കലാശിക്കുകയും ചെയ്യു.

ഇന്നത്തെ ക്രൈസ്തവലോകത്തിൽ, കൂലിക്കെടുക്കപ്പെട്ട നിരവധി പ്രസംഗകർ തങ്ങളുടെ ജീവസഹായമായി ക്രിസ്തുവിനെ എടുക്കുവാൻ ജനത്തെ പഠിപ്പിക്കുന്നില്ല. മറിച്ച്, വിഗ്രഹാർപ്പിതം തിന്നുവാൻ, അതായത്, ദുഷിച്ചതും പൈശാചികവും ഭൂതമയവുമായ കാര്യങ്ങളെ എടുക്കുവാൻ കൗശലപരമായി ജനത്തെ പഠിപ്പിക്കുന്നു. ഈ ഉപദേശങ്ങൾ ജനത്തെ ആത്മിക പരസംഗത്തിലേക്കു നയിച്ചുകൊണ്ട് ക്രിസ്തു എന്ന വ്യക്തിയിൽനിന്നും വ്യതിചലിക്കുവാൻ ഇടയാക്കുന്നു. ക്രിസ്തു സഭയ്ക്ക് നിസ്തുലനായ ഭർത്താവ്, സകല വിശുദ്ധന്മാർക്കും നിസ്തുലനായ മണവാളൻ, ആയിരിക്കണം. എന്നാൽ ഇന്നത്തെ ക്രിസ്തുമതത്തിലുള്ള നിരവധി ഉപദേശങ്ങൾ ജനം പൈശാചികമായ

കാര്യങ്ങൾ സ്വീകരിക്കുന്നതിനും, ക്രിസ്തു അല്ലാത്ത മറ്റു കാര്യങ്ങളോട് ബന്ധപ്പെട്ടിരിക്കുവാനും ഇടയാക്കുന്നു. ഇതു തീർച്ചയായും വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതും പരസംഗം ചെയ്യുന്നതും ആണ്.

കർത്താവിനെ നിഷേധിക്കുകയും കർത്താവിന്റെ വിശ്വാസത്തെ നിഷേധിക്കുകയും ചെയ്യുകയെന്നാൽ എന്താണ് അർഥമാക്കുന്നത്? നാം കണ്ടതുപോലെ, ഇവിടെ വിശ്വാസം എന്നത് വിശ്വസിക്കുന്ന പ്രാപ്തി എന്ന അനുഭവനിഷ്ഠമായ വിശ്വാസത്തെയല്ല കുറിക്കുന്നത്, പിന്നെയോ വസ്തുനിഷ്ഠമായ വിശ്വാസത്തെ, നാം വിശ്വസിക്കുന്ന കാര്യങ്ങളെയാണ്. അവന്റെ വീണ്ടെടുപ്പിൻ വേലയിൽ അവൻ നമുക്കുവേണ്ടി ചെയ്തതും, അവന്റെ മരണപുനരുത്ഥാനങ്ങളും, രക്ഷിക്കപ്പെടുവാനായി നാം വിശ്വസിക്കേണ്ടതായ സകല കാര്യങ്ങളും കർത്താവിന്റെ വിശ്വാസത്തിൽ ഉൾപ്പെടുന്നു. ഈ കാര്യങ്ങൾ നമ്മുടെ വിശ്വാസത്തെ സംരചിക്കുന്നു. നാമം കർത്താവെന്ന വ്യക്തിയെ കുറിക്കുന്നു. നാം കർത്താവിന്റെ നാമത്തെയോ കർത്താവിന്റെ വിശ്വാസത്തെയോ നിഷേധിക്കരുത്. നാം എപ്പോഴും അവന്റെ നാമത്തെ മുറുകെപ്പിടിക്കുകയും അവനിൽ വിശ്വസിക്കുകയും വേണം.

ഞാൻ ചെറുപ്പമായിരുന്നപ്പോൾ, ചൈനക്കാരുടെ പ്രെസ്ബിറ്റേറിയൻ സഭയിലായിരുന്നു സ്നാനപ്പെട്ടത്; അവിടെ ചില ബിലെയാമുമാർ ഉണ്ടായിരുന്നു. ഒരു ഞായറാഴ്ച രാവിലെ, ഈ ബിലെയാമുമാരിൽ ഒരുവൻ ശുചീകരണ അഭ്യസനത്തെക്കുറിച്ച്, പ്രത്യേകിച്ചും എങ്ങനെ ഈച്ചകളെ കൊല്ലാം എന്നതിനെക്കുറിച്ച്, ഒരു പ്രഭാഷണം നടത്തി. പിന്നീട്, സഭാകെട്ടിടത്തിൽ ഒരു പ്രത്യേക വസ്തു സ്ഥാപിക്കുവാനും സഭയിലുള്ള എല്ലാവരും അതിനെ കുമ്പിടുവാനും ഒരാൾ നിർദ്ദേശിച്ചു. ഞങ്ങളിൽ ചിലർ ഇതിനെ എതിർത്തപ്പോൾ, ആ ബിലെയാം പറഞ്ഞു, "യേശു ക്രിസ്തു കല്ലറയിൽനിന്നും എഴുന്നേറ്റു വന്ന് ഈ വസ്തുവിനെ കുമ്പിടരുതെന്ന് എന്നോടു പറഞ്ഞാൽപോലും, ഞാൻ കുമ്പിടും." ഈ പ്രസ്താവനയിലൂടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിൽ വിശ്വാസിക്കുന്നില്ലെന്ന് അവൻ വെളിപ്പെടുത്തി. ഇത് കർത്താവെന്ന വ്യക്തിയെ നിഷേധിക്കുന്നതിന്റെയും അവനിലുള്ള വിശ്വാസത്തെ നിഷേധിക്കുന്നതിന്റെയും ഒരു ഉദാഹരണമാണ്. നിങ്ങൾ ചരിത്രം വായിക്കുകയും ഇന്നത്തെ ക്രിസ്തുമതത്തെ പഠിക്കുകയും ചെയ്യുന്നുവെങ്കിൽ ഇതുപോലുള്ള നിരവധി കാര്യങ്ങൾ നിങ്ങൾ കണ്ടെത്തും. സഭകളെന്നു വിളിക്കപ്പെടുന്ന അനേക ഇടങ്ങളിൽ ആധുനികത പ്രബലമാണ്. ആധുനിക ചിന്താഗതിക്കാർ യേശു കർത്താവാണെന്നോ, അവൻ ഒരു കന്യകയിൽനിന്നും ജനിച്ചുവെന്നോ, നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി അവൻ ക്രൂശിൽ മരിച്ചുവെന്നോ വിശ്വസിക്കുന്നില്ല. അവൻ ഒരു രക്തസാക്ഷിയായി

ക്രൂശിക്കപ്പെട്ടുവെന്നു മാത്രമാണ് അവർ വിശ്വസിക്കുന്നത്, യേശു ക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്നു വിശ്വസിക്കുന്നുമില്ല. ബിലെയാമിന്റെ പഠിപ്പിക്കലുകൾ എപ്പോഴും ജനത്തെ ലൗകിക കാര്യങ്ങളുമായുള്ള ഐക്യത്തിലേക്ക് പ്രവേശിക്കുവാൻ ഇടയാക്കുന്നു. ഇത് വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതും ആത്മിക പരസംഗം ചെയ്യുന്നതും ആണ്.

## V. നിക്കൊലാവ്യരുടെ ഉപദേശം

വാക്യം 15-ൽ കർത്താവു പറയുന്നു, "അങ്ങനെതന്നെ നിക്കൊലാവ്യരുടെ ഉപദേശവും അപ്രകാരം പിടിച്ചിരിക്കുന്ന ചിലർ നിനക്കുണ്ട്." ലൗകികവും അധഃപതിച്ചതുമായ സഭ ബിലെയാമിന്റെ ഉപദേശം മാത്രമല്ല, നിക്കൊലാവ്യരുടെ ഉപദേശവും പിടിച്ചിരിക്കുന്നു. ബിലെയാമിന്റെ ഉപദേശം വിശ്വാസികളെ ക്രിസ്തു എന്ന വ്യക്തിയിൽനിന്നും ക്രിസ്തുവിന്റെ ആസ്വാദനത്തിൽനിന്നും ആത്മിക പരസംഗത്തിലേക്ക് വ്യതിചലിപ്പിക്കുന്നുവെങ്കിൽ, നിക്കൊലാവ്യരുടെ ഉപദേശം ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായ വിശ്വാസികളുടെ പ്രവർത്തനത്തെ നശിപ്പിക്കുകയും, അങ്ങനെ കർത്താവിനെ ആവിഷ്കരിക്കുന്നതിൽ അവന്റെ ശരീരത്തെ ഇല്ലായ്മചെയ്യുകയും ചെയ്യുന്നു. ആദ്യത്തെ ഉപദേശം തലയെ അനാദരിക്കുകയും, പിന്നീടുള്ളത് ശരീരത്തെ നശിപ്പിക്കുകയും ചെയ്യുന്നു. മതപരമായ സകല ഉപദേശങ്ങളിലുമുള്ള ശത്രുവിന്റെ ഉപായം ഇതാണ്.

എഫെസൊസിലുള്ള സഭയിൽ നിക്കൊലാവ്യരുടെ പ്രവൃത്തികളെ മാത്രമേ കണ്ടുള്ളൂ (2:6), എന്നാൽ പെർഗ്ഗമൊസിലുള്ള സഭയിൽ അവരുടെ പ്രവൃത്തികൾ ഒരു ഉപദേശത്തിലേക്ക് പുരോഗമിച്ചു. ഒന്നാമതായി, ആരംഭസഭയിൽ അവർ പുരോഹിതസമ്പ്രദായം *അനുഷ്ഠിച്ചു*; ഇപ്പോൾ അധഃപതിച്ച സഭയിൽ അവർ അത് *പഠിപ്പിച്ചു*. ഇന്ന്, കത്തോലിക്കാ മതത്തിലും പ്രൊട്ടസ്റ്റന്റുമതത്തിലും നിക്കൊലാവ്യരുടെ ഈ പുരോഹിതസമ്പ്രദായം അനുഷ്ഠാനത്തിലും ഉപദേശത്തിലും പ്രബലമായിരിക്കുന്നു. നിക്കൊലാവ്യരുടെ പുരോഹിതസമ്പ്രദായം ശരീരത്തിലെ അവയവങ്ങളുടെ പ്രവർത്തനത്തെ കൊല്ലുകയും ഒരു ജൈവരൂപത്തിന്റെ സ്ഥാനത്ത് ഒരു സംഘടന പണിയപ്പെടുകയും ചെയ്യുന്നതുകൊണ്ട് കർത്താവ് അതിനെ വെറുക്കുന്നു. ഇന്നത്തെ ക്രിസ്തുമതത്തിന്റെ സാഹചര്യം നോക്കുക; അവിടെ ജൈവരൂപമില്ല; മറിച്ച്, അവിടെ ശക്തമായ ഒരു സംഘടന ഉണ്ട്. ഈ പുരോഹിതസമ്പ്രദായം ദുഷിച്ചതും സാത്താന്യവുമാണ്; കർത്താവ് അതിനെ വെറുക്കുന്നു. സഭയുടെ സേവനങ്ങൾ ക്രമീകരിക്കുന്നതിൽ നാം ഒരു സംഘടന പണിയാതിരിക്കുവാൻ ശ്രദ്ധയുള്ളവരായിരിക്കണം. നമുക്ക് ശരിയായ സഭാജീവിതം ഉണ്ടായിരിക്കണമെങ്കിൽ, ഒരു

ജൈവരൂപമായി ശരീരം പണിയപ്പെടേണ്ടതിന് ജീവസുറ്റ വിധത്തിൽ ജീവനൊത്തവണ്ണം പ്രവർത്തിക്കുവാൻ അവയവങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് എല്ലാ അവയവങ്ങളുടെയും പ്രവർത്തനത്തെ നാം വികസിപ്പിക്കണം. ഈ ദർശനം സഭാജീവിതത്തെ ഭരിക്കുകയും, നാം അതിൽനിന്നും ഒരിക്കലും വഴിതെറ്റിപ്പോകാതിരിക്കുകയും വേണം. എന്നാൽ, നാം ഒരല്പമെങ്കിലും ഉപേക്ഷാശീലമുള്ളവരാണെങ്കിൽ, നാം ജൈവരൂപം വിട്ട് സംഘടനയിലേക്ക് മടങ്ങിപ്പോകും. ഏതെങ്കിലും രീതിയിലുള്ള സംഘടനാ രൂപീകരണത്തിനെതിരായി നാം ജാഗരൂകരായിരിക്കണം. ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും പ്രവർത്തിക്കുവാനുള്ള അവസരം ഉണ്ടായിരിക്കേണ്ടതിന് നാം ജൈവരൂപത്തിലേക്ക് മടങ്ങിവരണം.

## VI. കർത്താവിന്റെ വരവും പോരാട്ടവും

വാക്യം 16-ൽ കർത്താവു പറയുന്നു, "അതുകൊണ്ട് മാനസാന്തരപ്പെടുക; അല്ലെങ്കിൽ, ഞാൻ വേഗം നിന്റെ അടുക്കൽ വരുന്നു, എന്റെ വായിലെ വാൾകൊണ്ട് ഞാൻ അവരുമായി യുദ്ധം ചെയ്യും." അവൻ വേഗം വരുമെന്നും ഈ ലൗകിക സഭയിലുള്ള ചിലർക്കെതിരെ അവന്റെ വായിലെ വാളുകൊണ്ട് യുദ്ധം ചെയ്യുമെന്നും ഇവിടെ കർത്താവു പറയുന്നു. ഇത് കർത്താവിന്റെ മടങ്ങിവരവിനെയല്ല പരാമർശിക്കുന്നത്, പിന്നെയോ അവന്റെ വായിൽനിന്നുള്ള കൊല്ലുന്ന വചനത്താൽ അധഃപതിച്ച സഭയിലുള്ള നിക്കൊലാവ്യ ഉപദേഷ്ടാക്കന്മാരോട് യുദ്ധംചെയ്യുന്നതിനുള്ള അവന്റെ വരവിനെയാണ്. പെർഗ്ഗമൊസിലുള്ള സഭയാൽ സൂചിപ്പിക്കപ്പെടുന്ന ലൗകിക സഭ തുയഥൈരയിലുള്ള സഭയാൽ സൂചിപ്പിക്കപ്പെടുന്ന കത്തോലിക്കാസഭയിൽ കലാശിക്കുകയും, ഈ അധഃപതിച്ച സഭയാൽ കൊണ്ടുവരപ്പെട്ട ലൗകികതയും ദുഷിപ്പും തന്റെ സമ്പൂർണ്ണ ന്യായവിധി നടപ്പാക്കുവാൻ കർത്താവു മടങ്ങിവരുന്നതുവരെ റോമൻ കത്തോലിക്കാസഭയിൽ തുടരുകയും ചെയ്യും.

## VII. ആത്മാവിന്റെ സംസാരം

അധഃപതിച്ച ലൗകിക സഭയ്ക്ക് ആത്മാവിന്റെ സംസാരത്തിന്റെ വലിയ ഒരു ആവശ്യം ഉണ്ട്. അതിന് ചത്ത അക്ഷരങ്ങളിലുള്ള വേദപുസ്തകം ഉണ്ടെങ്കിലും, ആത്മാവിന്റെ സംസാരം ഇല്ല. ആത്മാവിന്റെ സംസാരം കൂടാതെയുള്ള വേദപുസ്തക പരിജ്ഞാനത്തിന് നിർജ്ജീവമാക്കപ്പെട്ട ക്രിസ്തുമതത്തിന് ആവശ്യമായ സഹായം നല്കുവാൻ കഴിയുകയില്ല. അതിന്റെ അധഃപതനത്തിലുള്ള അതിന്റെ നിർജ്ജീവത്വം കർത്താവിന്റെ വായിൽനിന്നുള്ള മൂർച്ചയുള്ള വാളിനാൽ ന്യായംവിധിക്കപ്പെടണം. ലൗകിക സഭയ്ക്ക് കർത്താവായ ആത്മാവിനാലുള്ള ജീവനുള്ള വചനത്തോടുകൂടിയ മൂർച്ചയുള്ള സംസാരം ആവശ്യമാണ്.

## VIII. ജയാളിക്കുള്ള വാഗ്ദത്തം

വാക്യം 17-ൽ കർത്താവു പറയുന്നു, "ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന് വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല." ജയിക്കുകയെന്നാൽ ഇവിടെ അർഥമാക്കുന്നത് ലോകവുമായുള്ള സഭയുടെ ഐക്യത്തെയും, വിഗ്രഹാരാധനയുടെയും പരസംഗത്തിന്റെയും ഉപദേശത്തെയും, പുരോഹിതസമ്പ്രദായത്തിന്റെ ഉപദേശത്തെയും ജയിക്കുക എന്നാണ്.

### A. മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നതിന്

ജയിക്കുന്നവന് മറഞ്ഞിരിക്കുന്ന മന്ന നല്കുമെന്ന് കർത്താവു വാഗ്ദത്തം ചെയ്യുന്നു. ഒന്നാമത്തെ സഭയ്ക്കുള്ള വാഗ്ദത്തം ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുന്നതിനെ സംബന്ധിച്ചുള്ളതും, ഈ സഭയ്ക്കുള്ള വാഗ്ദത്തം മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നതിനെ സംബന്ധിച്ചുള്ളതും ആണ്. സഭ ലൗകികമായിത്തീരുന്തോറും, ചിലർ എഴുന്നേറ്റ് സാക്ഷീകരിക്കുകയും കർത്താവുമായുള്ള ദൃഢബദ്ധമായ കൂട്ടായ്മ നിലനിർത്തുകയും ചെയ്യേണ്ട ആവശ്യം അധികമാണ്. ഇവർ മറഞ്ഞിരിക്കുന്ന മന്നയായി കർത്താവിനെ ആസ്വദിക്കുന്നതിനുള്ള പ്രത്യേകാവകാശമുള്ളവരായിരിക്കും. മന്ന എന്നത് ദൈവത്തിന്റെ മാർഗത്തിൽ പോകുന്നതിന് തന്റെ ജനത്തെ പ്രാപ്തമാക്കുന്ന സ്വർഗീയാഹാരം എന്ന നിലയിൽ ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്. ആ മന്നയുടെ ഒരു പങ്ക് പെട്ടകത്തിൽ മറയ്ക്കപ്പെട്ടിരുന്ന പൊൻകുടത്തിൽ സൂക്ഷിച്ചുവച്ചിരുന്നു (പുറ. 16:32-34; എബ്രാ. 9:4). തുറന്നിരിക്കുന്ന മന്ന കർത്താവിന്റെ ജനത്തിന്റെ പരസ്യമായ രീതിയിലുള്ള ആസ്വാദനത്തിനു വേണ്ടിയായിരുന്നു; മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ സൂചിപ്പിക്കുന്ന മറഞ്ഞിരിക്കുന്ന മന്ന, ലൗകികസഭയുടെ അധഃപതനത്തെ ജയിക്കുന്ന തന്റെ ജയിക്കുന്ന അന്വേഷകർക്കുവേണ്ടി കരുതിവയ്ക്കപ്പെട്ട ഒരു വിശേഷ പങ്കാണ്. സഭ ലോകത്തിന്റെ വഴിയിൽ പോകുമ്പോൾ, ഈ ജയാളികൾ അതിവിശുദ്ധസ്ഥലത്തുള്ള ദൈവസാന്നിധ്യത്തിലേക്കു കടന്നുവന്ന്, അവിടെ അവരുടെ ദിവസേനയുള്ള സഹായത്തിനുവേണ്ടിയുള്ള വിശേഷ പങ്കായി മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ ആസ്വദിക്കുന്നു. ഈ വാഗ്ദത്തം ഇന്ന് ശരിയായ സഭാജീവിതത്തിൽ നിറവേറുന്നു, വരുവാനുള്ള രാജ്യത്തിൽ അത് പൂർണ്ണമായി നിറവേറും. നാം കർത്താവിനെ അന്വേഷിക്കുകയും, ലൗകികസഭയുടെ അധഃപതനത്തെ ജയിക്കുകയും, ഇന്ന് കർത്താവിന്റെ ഒരു വിശേഷപങ്ക് ആസ്വദിക്കുകയും ചെയ്യുന്നുവെങ്കിൽ, വരുവാനുള്ള രാജ്യത്തിൽ മറഞ്ഞിരിക്കുന്ന മന്നയായ ക്രിസ്തു നമുക്ക് ഒരു

പ്രതിഫലമായിരിക്കും. സഭാജീവിതത്തിൽ ഇന്ന് നമ്മുടെ വിശേഷപങ്കായി അവനെ നാം നഷ്ടപ്പെടുത്തുന്നുവെങ്കിൽ, വരുവാനുള്ള രാജ്യത്തിൽ തീർച്ചയായും ഒരു പ്രതിഫലമായി അവനെ ആസ്വദിക്കുന്നത് നാം നഷ്ടമാക്കും.

മറഞ്ഞിരിക്കുന്ന മന്ന ഒരു പൊൻകുടത്തിൽ വച്ചിരുന്നു. പൊന്ന് ദൈവത്തിന്റെ ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നു. അങ്ങനെ, മറഞ്ഞിരിക്കുന്ന മന്ന പൊൻകുടത്തിൽ വച്ചിരിക്കുന്നു എന്നത് മറഞ്ഞിരിക്കുന്ന ക്രിസ്തു ദിവ്യപ്രകൃതത്തിൽ മറയ്ക്കപ്പെട്ടിരിക്കുന്നു എന്നു സൂചിപ്പിക്കുന്നു. തുറന്നിരിക്കുന്ന മന്ന സകല ദൈവജനത്തിനും വേണ്ടിയാണ്, എന്നാൽ മറഞ്ഞിരിക്കുന്ന മന്ന കർത്താവുമായി ഉറ്റബന്ധത്തിലായിരിക്കുന്നവർക്ക്, ലോകത്തെയും അവരും ദൈവവും തമ്മിലുള്ള സകല വേർപാടിനെയും ഉപേക്ഷിക്കുന്നവർക്ക് വേണ്ടിയാണ്. അവർ ദൈവസാന്നിദ്ധ്യത്തിന്റെ ഉറ്റബന്ധത്തിലേക്കു വരികയും ഇവിടെ ഈ ദിവ്യമായ ഉറ്റബന്ധത്തിൽ ദൈവത്തിന്റെ ദിവ്യപ്രകൃതത്തിലുള്ള മറഞ്ഞിരിക്കുന്ന മന്ന ആസ്വദിക്കുകയും ചെയ്യുന്നു. ഇത് ആഴമേറിയതാണ്. ഇത് ബാഹ്യമായതല്ല, ഇത് തികച്ചും ആന്തരികമാണ്. മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നവർ വാസ്തവമായി മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ ആസ്വദിച്ചുകൊണ്ട് ദിവ്യപ്രകൃതത്തിൽ ആയിരിക്കുന്നത് അത്രത്തോളം ആന്തരികമാണ്.

നമുക്കെങ്ങനെ മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുവാൻ കഴിയും? ഇത് തികച്ചും ലോകത്തിനു വെളിയിലുള്ള ഒന്നാണ്. ലൗകികസഭ ലോകവുമായുള്ള ഐക്യത്തിലേക്ക് ഇറങ്ങിപ്പോകുമ്പോൾ, നാം മിസ്രയീമിൽനിന്നു മരുഭൂമിയിലേക്കും, മരുഭൂമിയിൽനിന്നു നല്ലദേശത്തിലേക്കും, നല്ലദേശത്തിൽനിന്നു കൂടാരത്തിലേക്കും, പ്രാകാരത്തിൽനിന്നു വിശുദ്ധസ്ഥലത്തേക്കും, വിശുദ്ധസ്ഥലത്തുനിന്നു അതിവിശുദ്ധസ്ഥലത്തേക്കും കയറിപ്പോകുന്നു. അതിവിശുദ്ധസ്ഥലത്തേക്ക് നാം പ്രവേശിച്ചതിനുശേഷം, അപ്പോഴും പെട്ടകത്തിനുള്ളിലേക്ക് പ്രവേശിക്കുകയും, പൊൻകുടത്തെ സ്പർശിക്കുകയും, അവിടെ മറയ്ക്കപ്പെട്ടിരിക്കുന്ന മന്നയായി ക്രിസ്തുവിനെ ആസ്വദിക്കുകയും വേണം. സഭ എത്രത്തോളം ലൗകികമായിത്തീരുന്നുവോ, അത്രത്തോളം മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുവാൻ നാം അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കേണ്ടത് ആവശ്യമാണ്. മന്ന പൊൻകുടത്തിലും, പൊൻകുടം പെട്ടകത്തിലും, പെട്ടകം അതിവിശുദ്ധ സ്ഥലത്തും ആണ്. ഇത് എത്രമാത്രം ഉള്ളിലാണെന്ന് ഇതിനാൽ നമുക്ക് കാണുവാൻ കഴിയും. നാം ഇത് ആസ്വദിക്കണമെങ്കിൽ, ദൈവസാന്നിധ്യത്തിന്റെ ആഴമേറിയ ഉറ്റബന്ധത്തിൽ നാം വസിക്കണം. ലൗകികമോ വ്യതിചലിപ്പിക്കുന്നതോ ആയ യാതൊന്നും ഇല്ലാത്തതും, നാമും ദൈവവും തമ്മിലുള്ള ദൃഢബദ്ധമായ കൂട്ടായ്മ ഉണ്ടായിരിക്കുന്നതുമായ ദിവ്യപ്രകൃതത്തിൽ നാം ആയിരിക്കണം.

ഇവിടെ മറഞ്ഞിരിക്കുന്ന മന്നയായി നാം ക്രിസ്തുവിനെ ആസ്വദിക്കുന്നു. നമ്മിൽ ചിലർക്ക് മറഞ്ഞിരിക്കുന്ന മന്നയുടെ ഈ അനുഭവം ഉണ്ടായിട്ടുണ്ട്. "കർത്താവേ, ഞാൻ ലോകത്തെ കരുതുന്നില്ല. കർത്താവേ, ഞാൻ മാനുഷിക ബന്ധങ്ങളെയോ സൗഹർദ്ദങ്ങളെയോ അല്ല, നിന്നെ മാത്രം കരുതുന്നു. കർത്താവേ, ഏതൊരു കെട്ടിനെയും വിട്ടുകളയുവാൻ ഞാൻ മനസ്സുള്ളവനാകുന്നു. കർത്താവേ, ഞാനിപ്പോൾ പൂർണ്ണമായും സ്വതന്ത്രനാണ്; എന്റെ ആളത്തത്തിന്റെ ആഴത്തിൽനിന്നും ഞാൻ നിന്നെ സ്നേഹിക്കുന്നു. യാതൊന്നും എന്നെ തടസ്സപ്പെടുത്താതെ ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നു നാം പറഞ്ഞിട്ടുണ്ട്. നാം ഇതു കർത്താവിനോടു പറയുമ്പോൾ, ഉടനെതന്നെ മറഞ്ഞിരിക്കുന്ന ക്രിസ്തുവിൽനിന്ന് പങ്കുകൊണ്ട് പൊൻകുടത്തിൽ, ദിവ്യപ്രകൃതത്തിന്റെ ഉറ്റബന്ധത്തിൽ, ആയിരിക്കുന്നു. ഓ, നാം ഇങ്ങനെയുള്ള ക്രിസ്തുവിനെ ഭക്ഷിക്കണം!

മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നതിന്റെ ഈ വാഗ്ദത്തം ഒരു പ്രവചനവുമാണ്. സഹസ്രാബ്ദത്തിൽ ചില ജയാളികൾക്ക് അവരുടെ ആസ്വാദനത്തിനുവേണ്ടി ക്രിസ്തുവിന്റെ ഒരു വിശേഷ പങ്കുണ്ടായിരിക്കും. ആ വിശേഷ പങ്കിനെയാണ് മറഞ്ഞിരിക്കുന്ന മന്നയായി ഇവിടെ വാഗ്ദത്തം ചെയ്തിരിക്കുന്നത്. എന്നാൽ തത്ത്വത്തിൽ, ഇന്നും നമുക്ക് ദൃഢബദ്ധവും മറഞ്ഞിരിക്കുന്നതുമായ ഒരു രീതിയിൽ ക്രിസ്തുവിനെ ആസ്വദിക്കുവാൻ കഴിയും. തുറന്നിരിക്കുന്ന മന്നയെ മാത്രം ആസ്വദിക്കുന്നവർക്ക് മനസ്സിലാക്കുവാൻ കഴിയാത്ത ഒരു രീതിയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുന്നു.

## B. പുതിയ പേരെഴുതിയിരിക്കുന്ന വെള്ളക്കല്ലു സ്വീകരിക്കുന്നു

"ഞാൻ അവനു വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല" എന്ന് കർത്താവ് ജയാളിക്ക് വാഗ്ദത്തം ചെയ്തു. മറഞ്ഞിരിക്കുന്ന മന്നയായി ക്രിസ്തുവിനെ ആസ്വദിക്കുന്നത് രൂപാന്തരത്തെ ഉളവാക്കുന്നു. എങ്ങനെ നമുക്കിതു പറയുവാൻ കഴിയും? കാരണം മറഞ്ഞിരിക്കുന്ന മന്നയെക്കുറിച്ചു പറഞ്ഞശേഷം കർത്താവ് ഒരു വെള്ളക്കല്ലിനെക്കുറിച്ചു പറയുന്നു. വേദപുസ്തകത്തിൽ ഒരു കല്ല് ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ഒരു സാമഗ്രിയെ സൂചിപ്പിക്കുന്നു. മനുഷ്യൻ കല്ലുകൊണ്ടല്ല, പൊടികൊണ്ടാണ് നിർമ്മിക്കപ്പെട്ടത് (ഉല്പ. 2:7). ഒരർഥത്തിൽ, മനുഷ്യൻ കളിമണ്ണു മാത്രമാണ്; മനുഷ്യൻ കേവലം ഒരു കളിമൺപാത്രമാണെന്ന് റോമർ 9 വെളിപ്പെടുത്തുന്നു. എന്നാൽ, കർത്താവ് ശിമോൻ പത്രൊസിനെ ആദ്യം കണ്ടുമുട്ടിയപ്പോൾ, കർത്താവ് ഉടനെതന്നെ അവന്റെ പേര്

ശീമോനിൽനിന്നും കേഫാവാക്കി മാറ്റി; അതിന്റെ അർഥം "ഒരു കല്ല്" എന്നാണ് (യോഹ. 1:42). ഉല്പത്തി 28-ലെ യാക്കോബിന്റെ സ്വപ്നം ഓർക്കുക. അവൻ ആ സ്വപ്നത്തിൽനിന്നും ഉണർന്നപ്പോൾ ഒരു തലയിണയായി വച്ചിരുന്ന കല്ലെടുത്തിട്ട് അതിനെ ദൈവത്തിന്റെ ഭവനം എന്നു വിളിച്ചു. വിലയേറിയ കല്ലുകൾ സഭയുടെ കെട്ടുപണിക്കുവേണ്ടി ഉപയോഗിക്കുന്നുവെന്ന് 1 കൊരിന്ത്യർ 3-ൽ പൗലൊസ് സൂചിപ്പിക്കുകയും, വിലയേറിയ കല്ലുകളാണ് പുതിയ യെരൂശലേമിലെ സാമഗ്രികളെന്ന് വെളിപ്പാട് 21-ൽ നാം കാണുകയും ചെയ്യുന്നു. ഈ വാക്യങ്ങളെല്ലാം നാം ഒരുമിച്ചു വയ്ക്കുമ്പോൾ, ഒരു കല്ല് ഒരു രൂപാന്തരപ്പെട്ട വ്യക്തിയെയാണ് സൂചിപ്പിക്കുന്നതെന്നു നാം കാണുന്നു. 2:17 പോലെയുള്ള ഒരു വാക്യത്തെ ആ വാക്യത്താൽത്തന്നെ മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല; നാം അതിനെ മുഴുവൻ വേദപുസ്തകത്തിന്റെയും സന്ദർഭത്തിൽ പരിഗണിക്കണം. മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നതും ഒരു വെള്ളക്കല്ലു കൊടുക്കുന്നതും കർത്താവ് ജയാളിക്ക് വാഗ്ദത്തം ചെയ്യുന്നു. നാം മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നുവെങ്കിൽ നാം വെള്ളക്കല്ലുകളായി രൂപാന്തരപ്പെടുമെന്ന് ഇതു സൂചിപ്പിക്കുന്നു.

നമ്മുടെ സ്വാഭാവിക ആളത്തത്തിൽ നാം കല്ലുകളല്ല, കളിമണ്ണാണ്. വീണ്ടുംജനനത്തിലൂടെ ദിവ്യപ്രകൃതത്തോടുകൂടെ നാം ദിവ്യജീവൻ പ്രാപിച്ചതുകൊണ്ട്, നമ്മുടെ ജീവസഹായമായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിലൂടെ നമുക്ക് കല്ലുകളായി, വിലയേറിയ കല്ലുകളായിപ്പോലും, രൂപാന്തരപ്പെടുവാൻ കഴിയും (2 കൊരി. 3:18). മറഞ്ഞിരിക്കുന്ന മന്നയായി യേശുവിനെ ഭക്ഷിക്കുന്നതിലൂടെ നാം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള വെള്ളക്കല്ലുകളായി രൂപാന്തരപ്പെടും. നാം ലൗകികസഭയെ പിന്തുടരാതെ ശരിയായ സഭാജീവിതത്തിൽ കർത്താവിനെ ആസ്വദിക്കുന്നുവെങ്കിൽ, നാം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള കല്ലുകളായി രൂപാന്തരപ്പെടും. ഈ കല്ലുകൾ, വെള്ളനിറം സൂചിപ്പിക്കുന്നതുപോലെ കർത്താവിനാൽ നീതീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യും; അതേസമയം, ലൗകികസഭ അവനാൽ ശിക്ഷവിധിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യും. വെളിപ്പാട് പുസ്തകത്തിൽ വെള്ളനിറം അംഗീകാരത്തെ സൂചിപ്പിക്കുന്നു. നാം ഒരു കല്ലായി രൂപാന്തരപ്പെടുമ്പോൾ, നാം കർത്താവിനാൽ അംഗീകരിക്കപ്പെടും. ഇത് അവനെ വളരെ സന്തോഷിപ്പിക്കും. വെള്ളക്കല്ല് ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണ്. ദൈവത്തിന്റെ കെട്ടിടമായ സഭയുടെ കെട്ടുപണി, നമ്മുടെ രൂപാന്തരത്തിൽ ആശ്രയിച്ചിരിക്കുന്നു; നമ്മുടെ രൂപാന്തരം നമ്മുടെ ജീവസഹായമായ ക്രിസ്തുവിന്റെ ആസ്വാദനത്തിൽനിന്നു വരുന്നു.

"കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല" എന്ന് കർത്താവു പറഞ്ഞു. ഒരു പേര് ഒരു വ്യക്തിയെ കുറിക്കുന്നു: ഇവിടെ പുതിയ പേര് രൂപാന്തരപ്പെട്ട ഒരു വ്യക്തിയുടെ അഭിദാനമാണ്. രൂപാന്തരപ്പെട്ട ഓരോ വിശ്വാസിയും ഒരു "വെള്ളക്കല്ല്" എന്ന നിലയിൽ ഒരു "പുതിയ പേരു" വഹിക്കുന്നു, "അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല." ഇങ്ങനെയുള്ള ഒരു "പുതിയ പേര്" രൂപാന്തരപ്പെട്ടിരിക്കുന്ന ഒരുവന്റെ അനുഭവത്തിന്റെ വ്യാഖ്യാനം ആണ്. ഇക്കാരണത്താൽ, ആ പേരിന്റെ അർഥം അവൻ മാത്രമേ അറിയുന്നുള്ളൂ. ഒരു സഹോദരൻ ഇപ്പോഴും വളരെ ചെളിയുള്ളവനായിരിക്കാം. എന്നിരുന്നാലും, അവൻ കർത്താവിനെ സ്നേഹിക്കുകയും, ലോകത്തെ ഉപേക്ഷിക്കുകയും, വേർതിരിക്കുന്ന സകലത്തെയും വിട്ടുകളഞ്ഞിരിക്കുകയും ചെയ്യുന്നു. അങ്ങനെ, കർത്താവ് അവനോടു പറയും, "ഞാൻ നിനക്ക് മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുവാൻ നല്കും." ഈ സഹോദരൻ എത്രയധികം മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നുവോ, അത്രയുമധികം അവൻ ഒരു വെള്ളക്കല്ലായി രൂപാന്തരം പ്രാപിക്കും. ഈ സഹോദരൻ കർത്താവായ യേശുവിനെ മറഞ്ഞിരിക്കുന്ന മന്നയായി ഭക്ഷിക്കുമ്പോൾ, അവന് ചില അനുഭവങ്ങൾ ഉണ്ടായിരിക്കുകയും കർത്താവ് അവന്റെമേൽ ഒരു പുതിയ പേർ എഴുതുകയും ചെയ്യും. ഈ പുതിയ പേര് ഈ സഹോദരൻ താൻ ആയിരിക്കുന്നതിന്റെ പുതിയ അഭിദാനം മാത്രമാണ്. ഈ പുതിയ പേര് തന്റെ അനുഭവങ്ങളനുസരിച്ച് ഈ സഹോദരൻ ആയിരിക്കുന്നതിന്മേൽ അടിസ്ഥാപ്പെട്ടിരിക്കുന്നതിനാൽ, മറ്റുള്ളവർക്ക് അത് എന്താണെന്ന് അറിയുവാൻ കഴിയുകയില്ല.

നമ്മോട് കർത്താവു സംസാരിച്ച ഒരു വചനമാണ് വെളിപ്പാട് 2:17. ഇതിനെ വസ്തുനിഷ്ഠമായി എടുക്കാതെ നിങ്ങളുടെ ജീവചരിത്രമായി എടുക്കുക. ഇതിനെ നിങ്ങളോടുള്ള ഒരു വചനമായി കരുതുക. ഒരർഥത്തിൽ, നാം ജീവിക്കുന്നത് പെർഗ്ഗമൊസിന്റെ കാലത്തിലാണ്, കാരണം സഭയെന്നു വിളിക്കപ്പെടുന്നത് ലൗകികയായിത്തീർന്നിരിക്കുന്നു. എന്നാൽ, ഒരു എതിർസാക്ഷി ആയിരിക്കുന്നതിനാൽ നാം ഇവിടെ കർത്താവിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടി പോരാടുകയാണ്. അതുകൊണ്ട്, വാക്യം 17-ൽ കർത്താവു നമുക്ക് ഈ വചനം നല്കുന്നു. നാം എല്ലാവരും ഇതു മനസ്സിലാക്കി പറയണം, "ആമേൻ, കർത്താവേ. ഈ വാഗ്ദത്തത്തിനായി നന്ദി. ഞാൻ മറഞ്ഞിരിക്കുന്ന മന്നയായി നിന്നെ ഭക്ഷിക്കുന്നു, ഇങ്ങനെ ഭക്ഷിക്കുന്നത് എന്നെ കളിമണ്ണിൽനിന്ന് നിന്നെ പ്രസാദിപ്പിക്കുന്ന ഒരു കല്ലായി രൂപാന്തരപ്പെടുത്തുകയും, നിന്നാൽ അംഗീകരിക്കപ്പെടുകയും, നിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കുവേണ്ടി നിന്നാൽ ഉപയോഗിക്കപ്പെടുകയും ചെയ്യും.

കർത്താവേ, ഞാൻ നിന്റെ വാഗ്ദത്തത്തോടു യോജിക്കുന്നു. ഇപ്പോൾ മുതൽ മറഞ്ഞിരിക്കുന്ന ഒരു രീതിയിൽ ഞാൻ നിന്നെ ഭക്ഷിക്കുകയും നിന്റെ കെട്ടിടത്തിനുവേണ്ടി ഒരു വെള്ളക്കല്ലായിത്തീരുവാൻ രൂപാന്തരപ്പെടുകയും ചെയ്യും." ഇത് കർത്താവിൽനിന്നുള്ള മനോഹരമായ ഒരു വാഗ്ദത്തമല്ലേ? അതെ, സഭ ലൗകികയായിത്തീരാം, എന്നാൽ കർത്താവു വാഗ്ദത്തം ചെയ്തിരിക്കുന്നത് നാം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ഒരു വെള്ളക്കല്ലായിത്തീരും എന്നാണ്.